**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3299** **04-08-2021 - ൽ മറുപടിയ്ക്ക്**

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സർക്കാർ വകുപ്പുകളുടെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തിൽനിന്നും സ്ഥലം കണ്ടെത്തുന്നതിനും സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് ജില്ലാ കളക്ടർക്ക് അധികാരം നൽകിക്കൊണ്ട് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിനായി മറ്റു വകുപ്പുകളുടെ പുറംപോക്കു ഭൂമി ലഭിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ മുഖേന ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി ലഭിയ്ക്കുന്ന സ്വകാര്യ വ്യക്തികളുടെ/പുറമ്പോക്ക് ഭൂമി വകുപ്പിന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് അർത്ഥനാപത്രം നൽകുന്നതിന് ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കൂത്തുപറമ്പ് മണ്ഡലത്തിൽ സ്വന്തം കെട്ടിടം ഉള്ളതും ഇല്ലാത്തതുമായ അംഗൻവാടികളുടെ വിവരം തരംതിരിച്ച് വ്യക്തമാക്കാമോ; | (സി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആകെ അങ്കണവാടികൾ : 229 സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ : 164 സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ : 65 കൂത്തുപറമ്പ് പ്രോജക്ട് - ആകെ അങ്കണ വാടികൾ 48 സ്വന്തമായി കെട്ടിടമുള്ളത് 33 സ്വന്തമായി കെട്ടിടം ഇല്ലാത്തത് 15; കൂത്തുപറമ്പ് അഡീഷണൽ പ്രോജക്ട്- ആകെ അങ്കണ വാടികൾ 95 , സ്വന്തമായി കെട്ടിടമുള്ളത് 71 ,സ്വന്തമായി കെട്ടിടം ഇല്ലാത്തത് 24; പാനൂർ പ്രോജക്ട് - ആകെ അങ്കണ വാടികൾ 86, സ്വന്തമായി കെട്ടിടമുള്ളത് 60, സ്വന്തമായി കെട്ടിടം ഇല്ലാത്തത് 26 |

| | | | |
|---|---|---|---|
| (ഡി) | മണ്ഡലത്തിൽ കഴിഞ്ഞ സർക്കാറിന്റെ കാലത്ത് സ്വന്തം കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ അനുവദിച്ച ഫണ്ടുകളുടെ വിവരം വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണം തുടങ്ങാത്ത അംഗൻവാടികളുടെ പേരും ആയതിന്റെ കാരണവും വിശദമാക്കാമോ; | (ഡി) | കൂത്തുപറമ്പ് മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വന്തം കെട്ടിടമില്ലാത്ത 10 അണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി MGNREGS പദ്ധതി പ്രകാരം ആകെ 70 ലക്ഷം രൂപയും 2017-18 സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 29 ലക്ഷം രൂപയും സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 17 ലക്ഷം രൂപയും വകുപ്പിൽ നിന്നും അനുവദിച്ചിരുന്നു. ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഇ) | ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം മുടങ്ങിക്കിടക്കുന്നതും പണി പൂർത്തിയാകാത്തതുമായ അംഗൻവാടികളുടെ പേരും പ്രസ്തുത കാര്യത്തിൽ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം മുടങ്ങി കിടക്കുന്നതും പണി പൂർത്തിയാകാത്തതുമായ അങ്കണവാടികളുടെ പേരു വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

<u>ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികളുടെ വിവരം</u>

| ക്രമ നം | ജില്ല | പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് | സെന്റർ നം | കെട്ടിടം പണിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | കണ്ണൂർ | കൂത്ത്പറമ്പ് അഡീഷണൽ | തൃപ്പങ്ങോട്ടൂർ | 29 | MLA ഫണ്ട് ലഭ്യമായതിനാൽ പകരം അങ്കണവാടി കണ്ടെത്തി നിർമ്മാണം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നു |
| 2 | കണ്ണൂർ | കൂത്ത്പറമ്പ് അഡീഷണൽ | തൃപ്പങ്ങോട്ടൂർ | 24 | ലഭ്യമായ സ്ഥലം വയൽ ആയതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. |
| 3 | കണ്ണൂർ | കൂത്ത്പറമ്പ് അഡീഷണൽ | തൃപ്പങ്ങോട്ടൂർ | 11 | ലഭ്യമായ സ്ഥലം വയൽ ആയതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. |
| 4 | കണ്ണൂർ | കൂത്ത്പറമ്പ് അഡീഷണൽ | കുന്നത്ത്പറമ്പ് | 56 | രജിസ്ട്രേഷൻ നടപടി പൂർത്തിയാകാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. |
| 5 | കണ്ണൂർ | പാനൂർ | മൊകേരി | 157 | രജിസ്ട്രേഷൻ നടപടി പൂർത്തിയാകാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. |

അനുബന്ധം-2

| ക്രമ നം | പ്രോജക്ട് | ഫണ്ട് ലഭിച്ചിട്ടും പണി ആരംഭിക്കാത്ത അങ്കണവാടി യുടെ സെന്റർ നമ്പറും പേരും | പണി ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം | പ്രസ്തുത വിഷയത്തിൽ പ്രോഗ്രാം ഓഫീസർ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | കുത്തുപറമ്പ് | 87, കക്കാട് | സ്ഥലമെടുപ്പിന്റെ വാല്യുവേഷനുമായി ബന്ധപ്പെട്ട പ്രവർത്തനം പൂർത്തിയാക്കാത്തത് കൊണ്ടാണ് നിർമ്മാണം തുടങ്ങാത്തത് | പ്രശ്നങ്ങൾ പരിഹരിച്ച് അടയന്തരമായി പണി ആരംഭിക്കുന്നതിനായി കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |
| | | 105, കോലാക്കാവ് | സ്ഥലമെടുപ്പിന്റെ വാല്യുവേഷനുമായി ബന്ധപ്പെട്ട പ്രവർത്തനം പൂർത്തിയാക്കാത്തത് കൊണ്ടാണ് നിർമ്മാണം തുടങ്ങാത്തത് | പ്രശ്നങ്ങൾ പരിഹരിച്ച് അടയന്തരമായി പണി ആരംഭിക്കുന്നതിനായി കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |
| 2 | കുത്തുപറമ്പ് അഡീഷണൽ | 26, തെക്കുമുറി | അങ്കണവാടിക്ക് ലഭ്യമായ സ്ഥലത്തേക്ക് വാഹന സൗകര്യം ഇല്ലാത്തതിനാൽ കെട്ടിടം പണി തുടങ്ങിയിട്ടില്ല. | പ്രശ്നങ്ങൾ പരിഹരിച്ച് അടയന്തരമായി പണി ആരംഭിക്കുന്നതിനായി കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |